(സി) 1985 ജൂൺ 30-ാം തീയതിവരെ 46,325 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ഡി) തൊഴിലില്ലാത്തവർക്ക് ആശ്വാസം നൽകുന്നതിനായി 1982 മുതൽ സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയും, തൊഴിലില്ലായ്മ വേതനം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. സ്വയം തൊഴിൽ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ കേന്ദ്രഗവൺമെന്റിന്റെ പദ്ധതിപ്രകാരം കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഒരു സെൽഫ് എംപ്ലോയ്മെന്റ് ഗൈഡൻസ് യൂണിറ്റ് 1984 മുതൽ പ്രവർത്തിപ്പിച്ചു വരുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ

88 [290] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുമായി ആകെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 30.6.85 വരെ ആകെ 25,44,015 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്:

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	....	4,67,064
കൊല്ലം	....	2,70,920
ആലപ്പുഴ	....	2,16,891
പത്തനംതിട്ട	....	81,534
കോട്ടയം	....	2,35,089
ഇടുക്കി	....	63,130
എറണാകുളം	....	2,85,383
തൃശൂർ	....	1,86,224
പാലക്കാട്	....	1,61,625
മലപ്പുറം	....	1,28,034
കോഴിക്കോട്	....	2,36,889
വയനാട്	....	39,135
കണ്ണൂർ	....	1,31,649
കാസർകോഡ്	....	40,448
ആകെ	....	25,44,015

ചുമട്ടുതൊഴിലാളി നിയമം

89 [291] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടു തൊഴിലാളി നിയമം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly